## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6514** — **03.04.2018-ൽ മറുപടിക്ക്**

## നോൺ ബാങ്കിങ്ങ് പ്രൈവറ്റ് ഫിനാൻസ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേജസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) നോൺ ബാങ്കിങ്ങ് പ്രൈവറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സംസ്ഥാനത്തെ മിനിമം വേജസ് കമ്മിറ്റി നിർദ്ദേശിച്ച മിനിമം വേജസ് ഏതു പ്രകാരത്തിലാണ് എന്ന് വ്യക്തമാക്കാമോ; മിനിമം വേജസ് കമ്മിറ്റി ഇതു സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ; | (എ) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി 28.07.2016-ലെ 20549/ ഇ 1/2015/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലാളികളെ 8 വിഭാഗമായി തരം തിരിച്ചാണ് വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. ടി വിജ്ഞാപന പ്രകാരം ക്ലീനർ, സ്വീപ്പർ തുടങ്ങിയ ഒന്നാം വിഭാഗത്തിലെ ജീവനക്കാർക്ക് 10150-400-12150-500-14650 എന്ന ശമ്പള സ്കെയിലും ഏറ്റവും ഉയർന്ന 8-ാം വിഭാഗത്തിലെ ബ്രാഞ്ച് മാനേജർ, മാനേജർ (എച്ച്.ആർ) തുടങ്ങിയ ജീവനക്കാർക്ക് 20500-1250-26750-1400-33750 എന്ന ശമ്പള സ്കെയിലുമാണ് പ്രതിപാദിച്ചിരിക്കുന്നത്. 02.12.2014-ന് തിരുവനന്തപുരത്തെ തൊഴിൽ ഭവനിലെ കോൺഫറൻസ് ഹാളിലും 31.01.2015-ന് കൊല്ലം ഗവൺമെൻറ് ഗസ്റ്റ് ഹൗസിലും 07.02.2015-ന് കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 05.03.2015-ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും 18.04.2015-ന് മലപ്പുറം ജില്ലാ മിഷൻ കുടുംബശ്രീ കോൺഫറൻസ് ഹാളിലും തെളിവെടുപ്പുകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ; തൊഴിൽ ഉടമകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നോ; ഈ നിർദ്ദേശങ്ങൾക്കെതിരെ സ്ഥാപന | (ബി) യും (സി) യും ടി രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും നിർദ്ദേശങ്ങൾ ശേഖരിച്ചിട്ടുണ്ട്. കേരള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ ബഹു:ഹൈക്കോടതിയിൽ |

ഉടമകൾ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സ്റ്റേ നീക്കം ചെയ്യുന്നതിന് ലേബർ വകുപ്പ് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് നിർദ്ദേശം നൽകുമോ; ആയിരക്കണക്കിന് അഭ്യസ്തവിദ്യർ ജോലി നോക്കുന്ന നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിൽ നിലനിൽക്കുന്ന ചൂഷണവും അരാജകത്വവും അവസാനിപ്പിക്കുന്നതിനും സേവന വേതന സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

അസോസിയേഷനെ കേൾക്കണം എന്ന ആവശ്യം മുൻ നിർത്തി W.P.(C))124732017 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു:ഹൈക്കോടതി 07.04.2017 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത സംഘടനയെ കേൾക്കുകയും സംഘടനാ പ്രതിനിധിയെ ഉൾപ്പെടുത്തി വീണ്ടും മിനിമം വേജസ് കമ്മിറ്റി ഹിയർ ചെയ്യണം എന്ന ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ 20.07.2017-ൽ ജി.ഒ.(ആർ.ടി) നമ്പർ 949/2017/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ W.P.(C) 26803/2017 നമ്പരായി കേരള നോൺ ബാങ്കിംഗ് ഫൈനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ വീണ്ടും കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് നിലനിൽക്കുന്നതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. മിനിമം വേതനം അന്തിമമായി നിശ്ചയിച്ചുകഴിഞ്ഞാൽ ടി മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ.